# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1156 — 06/06/2018-ൽ മറുപടിയ്ക്ക്

### നോക്കുകൂലി നിരോധനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ശ്രീ.പാറക്കൽ അബ്ദുല്ല | ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നോക്കുകൂലി നിരോധിച്ചതിനു ശേഷം റിപ്പോർട്ട് ചെയ്തിട്ടുള്ള നോക്കുകൂലി കേസുകളെത്ര; | (എ) എറണാകുളം ജില്ലയിലും മലപ്പുറം ജില്ലയിലും ഓരോ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) ഈ കേസുകളിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകുമോ ; | (ബി) മലപ്പുറം ജില്ലയിൽ ജില്ലാ ലേബർ ഓഫീസർ ഇടപെട്ട് നോക്കുകൂലി ഇനത്തിൽ വാങ്ങിയ തുക തിരികെ വാങ്ങി തൊഴിലുടമയ്ക്ക് നൽകിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ ഒരു പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ . ജില്ലാ ലേബർ ഓഫീസർ പരാതിക്കാരനെ വിളിച്ചെങ്കിലും പരാതി ഇല്ലെന്ന് പരാതിക്കാരൻ അറിയിക്കുകയാണ് ഉണ്ടായത്. |
| (സി) നോക്കുകൂലിക്കെതിരായി ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയുടെ പരാതി ലഭിച്ചിട്ടുണ്ടോ; | (സി) എറണാകുളം ജില്ലയിൽ പരാതി ലഭിച്ചിട്ടുണ്ട്. |
| (ഡി) എങ്കിൽ ഈ പരാതിയിന്മേൽ സ്വീകരിച്ച നടപടികളെന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ഡി) എറണാകുളം ജില്ലാ ലേബർ ഓഫീസർ തൊഴിലുടമ, യൂണിയൻ പ്രതിനിധികൾ എന്നിവരുമായി നടത്തിയ ചർച്ചയിൽ നോക്കുകൂലി വാങ്ങുന്നില്ലെന്ന് യൂണിയൻ പ്രതിനിധികൾ അറിയിച്ചു. പൈപ്പുകൾ, |

മെഷിനറീസ്. ഉപകരണങ്ങൾ എന്നിവ ക്രെയിനും മറ്റ് ലിഫ്റ്റിംഗ് ഉപകരണങ്ങളും ഉപയോഗിച്ച് ലോഡിംഗ് & അൺലോഡിംഗ് ചെയ്യുന്നതിന് തടസ്സമുണ്ടാക്കുന്നതല്ലെന്നും, മാൻപവർ ഉപയോഗിച്ച് ചെയ്യാവുന്ന ജോലികൾ ഏതൊക്കെയാണെന്ന് പരിശോധിച്ച് നിശ്ചയിക്കുന്നതിനും, ആയതിന് കൂലി നിജപ്പെടുത്തുന്നതിനും ഇത് സംബന്ധിച്ച് എടുക്കുന്ന എല്ലാ തീരുമാനങ്ങളും ഹൈക്കോടതിയിൽ നിലവിലുള്ള WP(C) 15756/18-ന്റെ അന്തിമ വിധിയുടെ അടിസ്ഥാനത്തിലായിരിക്കുമെന്നും ടി യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ